PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

(Second Session—1963)

(Second Meeting)

Wednesday, the 13th November 1963.

Vol. XVII **OFFICIAL REPORT** **No. 29**

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Wednesday, the 13th November 1963 with Mr. Speaker in the Chair.

Short Notice Questions and Answers.

(The number within brackets indicates the number in the list of admitted questions for the day.)

കണ്ണൂർ സെൻറ് മൈക്കിൾസ് ആംഗ്ലോ–ഇൻഡ്യൻ ഹൈസ്കൂളിലെ കുട്ടികളുടെ പ്രവേശനം നിയന്ത്രിച്ചുകൊണ്ടുള്ള ഉത്തരവ്.

* 884 [24] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സെൻറ് മൈക്കിൾസ് ആംഗ്ലോ–ഇൻഡ്യൻ ഹൈസ്കൂളിൽ കുട്ടികളുടെ പ്രവേശനം നിയന്ത്രിച്ചുകൊണ്ട് അടുത്തായി വല്ല ഗവണ്മെൻറ് കല്പനയും നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതു് എന്താണു്; എന്തിനുവേണ്ടി നൽകി;

(സി) പ്രസ്തുത സ്കൂളിൽ ഇപ്പോൾ മൊത്തം എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടു്;

(ഡി) അതിൽ ആംഗ്ലോ-ഇൻഡ്യൻസ് എത്ര; അല്ലാത്തവർ എത്ര;

(ഈ) പുതിയ കല്പനയനുസരിച്ചു് അവിടെനിന്നും എത്ര വിദ്യാർത്ഥികൾ പുറത്തു പോകേണ്ടിവരും;

(എഫ്) പ്രസ്തുത വിദ്യാലയത്തിൽ 1957 മുതൽ 1963 വരെ എത്ര ആംഗ്ലോ-ഇൻഡ്യൻ വിദ്യാർത്ഥികൾ പ്രവേശനത്തിനു അപേക്ഷകരായി ഉണ്ടായിരുന്നു; അതിൽ വല്ലവർക്കും പ്രവേശനം നിഷേധിച്ചതായി പരാതി ഉണ്ടായിട്ടുണ്ടോ;

(ജി) വിദ്യാലയത്തിൻെറ സുഗമമായ നടത്തിപ്പിനുവേണ്ടി പുതുതായി നൽകിയ കല്പന പുനഃപരിശോധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ):

(എ) ഇല്ല. എന്നാൽ ആംഗ്ലോ ഇൻഡ്യൻ സ്കൂളുകളിൽ, ആംഗ്ലോ ഇൻഡ്യന്മാരല്ലാത്ത കുട്ടികളും 50 ശതമാനത്തിൽ കൂടരുതെന്നു നിർദ്ദേശിച്ചു കൊണ്ടു് ഒരു ഉത്തരവു 25-5-63-ൽ പുറപ്പെടുവിച്ചിട്ടുണ്ടു്.

(ബി) ആംഗ്ലോ ഇൻഡ്യൻ കോഡു് അനുസരിച്ചുള്ള ഗ്രാൻറു് ലഭിക്കണമെങ്കിൽ, ഒരു സ്കൂളിൽ 50 ശതമാനത്തിൽ കുറയാതെ ആംഗ്ലോ ഇൻഡ്യൻ വിദ്യാർത്ഥികളും വേണമെന്ന നിബന്ധനയുടെ അടിസ്ഥാനത്തിലും മിക്ക സ്കൂളുകളിലും ആംഗ്ലോ ഇൻഡ്യൻ വിദ്യാർത്ഥികൾക്കു് വേണ്ടത്ര പരിഗണന ലഭിക്കുന്നതിനുമാണു് മേൽപ്പറഞ്ഞ കല്പന പുറപ്പെടുവിച്ചിട്ടുള്ളതു്.

(സി) 844.

(ഡി) ആംഗ്ലോ ഇൻഡ്യൻ 125-ും ഇതരർ 719-ും.

(ഈ) അൻപതു് ശതമാനത്തിൽ കൂടുതൽ കുട്ടികളും ആംഗ്ലോ ഇൻഡ്യരല്ലെങ്കിൽ സാധാരണ ഗതിയിൽ ഗ്രാൻറു ലഭിക്കുകയില്ല എന്നു മാത്രമേ ഈ കല്പനകൊണ്ടു് ഉദ്ദേശിക്കുന്നുള്ളൂ. ആകയാൽ ഈ സ്കൂളിൽനിന്നും വിദ്യാർത്ഥികളും പുറത്തുപോകേണ്ട ആവശ്യമില്ല.

(എഫു്) 151. ഇല്ല.

(ജി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

ശ്രീ. പി. ഗോപാലൻ: ഈ കല്പന പുറപ്പെടുവിച്ചിട്ടുള്ളതുകൊണ്ടു് മറ്റു കുട്ടികൾക്കു് പ്രവേശനം നിയന്ത്രിക്കുകയാണു്. അതുകൊണ്ടു് മറ്റു കുട്ടികൾക്കു ഈ സ്കൂളുകളിൽ ചേരാനുള്ള സൗകര്യം നഷ്ടപ്പെടുകയാണെന്നുള്ള വസ്തുത കണക്കിലെടുത്തു് ഈ കല്പന റദ്ദാക്കുന്നതിനുള്ള നടപടികളെടുക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: ആംഗ്ലോ ഇൻഡ്യൻ സമുദായവുമായി ബന്ധപ്പെട്ട ചില വ്യക്തികളുടെ അഭ്യർത്ഥന അനുസരിച്ചാണു് ഈ വിധത്തിലുള്ള ഒരു ഉത്തരവു ഗവണ്മെൻറിൽനിന്നും പുറപ്പെടുവിച്ചതു്. ഈ ഉത്തരവു നിലവിലിരിക്കുന്നതുകൊണ്ടു് ഒരു വിദ്യാർത്ഥിക്കും പ്രവേശനത്തിനു് ബുദ്ധിമുട്ടുണ്ടായതായി ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടില്ല. പ്രത്യേകമായി വല്ല ബുദ്ധിമുട്ടുകളും ഉണ്ടോ എന്നു് പരിശോധിക്കാവുന്നതാണു്.

ശ്രീ. പി. മാധവൻ: വിദ്യാലയങ്ങളിൽ എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം അനുവദിച്ചിരിക്കേ ആംഗ്ലോ ഇൻഡ്യൻ സ്കൂൾ എന്നുള്ള പേരു് മാറ്റംവരുത്തുന്നതിനെപ്പറ്റി ഗവണ്മെൻറു പരിഗണിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: പേരിൽ മാറ്റം വരുത്തേണ്ട ആവശ്യം ഒന്നുംതന്നെയില്ല.

ശ്രീ. പി. ഗോപാലൻ: 1950-ൽ 50 ശതമാനംവരെ ആംഗ്ലോ ഇൻഡ്യൻ ഇല്ലെങ്കിലും ഗ്രാൻറു കൊടുക്കാമെന്നു് ഒരു കൽപ്പന മദിരാശി ഗവണ്മെൻറു പുറപ്പെടുവിച്ചിരുന്നു. ആ സ്ഥിതിക്കു് വീണ്ടും 50 ശതമാനം വേണമെന്നുള്ള കല്പന ഈ ഗവണ്മെൻറു പുറപ്പെടുവിച്ചതെന്തിനാണു്? ഇതിൽ മാറ്റം വരുത്തുന്നതിനു ഗവണ്മെൻറു ശ്രമിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അഭിപ്രായം ശരിയല്ല. മുമ്പു നാൽപതു ശതമാനം ആംഗ്ലോ ഇൻഡ്യൻ മതിയെന്നായിരുന്നു. എന്നാൽ 1950-ൽ മദിരാശി ഗവണ്മെൻറാണു് 50 ശതമാനമായി വർദ്ധിപ്പിച്ചതു്. അതിൽ പിന്നീടു് ഇപ്പോൾ കേരളാ ഗവണ്മെൻറാണു് ചില ഭേദഗതികളും വരുത്തിയതു്.

LIBRARY ARCHIVES Kerala Legislative Assembly